**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1507** **14-03-2022 - ൽ മറുപടിയ്ക്ക്**

**റീസർവ്വെ സംബന്ധിച്ച പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ റീസർവ്വെ സംബന്ധിച്ച പരാതികൾ അടിയന്തരമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ റീസർവ്വെ അപാകത സംബന്ധിച്ച് 2022 ഫെബ്രുവരി മാസം വരെ 621 അപേക്ഷകൾ തീർപ്പ് കൽപ്പിക്കാൻ ബാക്കിയുള്ളതാണ്. നിലവിൽ തലപ്പിള്ളി താലൂക്ക് ഓഫീസിൽ റീസർവ്വെ പരാതികളിൽ രേഖകളും ഫീൽഡും പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് ഒരു ഹെഡ് സർവ്വെയർ, 4 സർവ്വേയർ, ഒരു ഡ്രാഫ്റ്റ്സ്മാൻ എന്നിവരുടെ സേവനമാണ് ലഭ്യമായിട്ടുള്ളത്. അപേക്ഷകളുടെ മുൻഗണന ക്രമത്തിൽ മേൽപറഞ്ഞ ജീവനക്കാർ ഫീൽഡ് പരിശോധന നടത്തി റീസർവ്വെ അപാകതകൾ പരിഹരിച്ച് റെക്കോർഡുകൾ തയ്യാറാക്കി പരമാവധി വേഗത്തിൽ സമർപ്പിച്ചുവരുന്നതും ആയതിന്മേൽ തലപ്പിള്ളി ഭൂരേഖ തഹസിൽദാർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചുവരുന്നതുമാണ്. |
| (ബി) | ഇത്തരം പരാതികൾ തരം തിരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ ആരംഭിച്ച സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ റീസർവ്വെ അപാകത സംബന്ധിച്ച് 2022 ഫെബ്രുവരി മാസം വരെ 621 അപേക്ഷകൾ തീർപ്പ് കൽപ്പിക്കാൻ ബാക്കിയുള്ളതാണ്. നിലവിൽ തലപ്പിള്ളി താലൂക്ക് ഓഫീസിൽ റീസർവ്വെ പരാതികളിൽ രേഖകളും ഫീൽഡും പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് ഒരു ഹെഡ് സർവ്വെയർ, 4 സർവ്വേയർ, ഒരു ഡ്രാഫ്റ്റ്സ്മാൻ എന്നിവരുടെ സേവനമാണ് ലഭ്യമായിട്ടുള്ളത്. അപേക്ഷകളുടെ മുൻഗണന ക്രമത്തിൽ മേൽപറഞ്ഞ ജീവനക്കാർ ഫീൽഡ് പരിശോധന നടത്തി റീസർവ്വെ അപാകതകൾ പരിഹരിച്ച് റെക്കോർഡുകൾ തയ്യാറാക്കി പരമാവധി വേഗത്തിൽ സമർപ്പിച്ചുവരുന്നതും ആയതിന്മേൽ തലപ്പിള്ളി ഭൂരേഖ തഹസിൽദാർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ